# പള്ളികഥകൾ

## മിനികഥകൾ മുപ്പത്തിയേഴ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചന്റെ അസുഖം പരിപൂർണ്ണം മാറിയില്ലങ്കിലും കഥ പറയാനുള്ള തിരക്കിലായി. പറഞ്ഞാലും പറഞ്ഞാലും തീരാത്തകഥകൾ അച്ചനുണ്ടെങ്കിലും സ്ഥലപരിമിതി മൂലം പലപ്പോഴും വളരെയധികം വെട്ടിച്ചുരുക്കി വളരെ വികൃതമായ രീതിയിലേ എഴുതി തീർക്കാൻ സാധിക്കുന്നുള്ളു.

## അതിഥി

ഔസേപ്പും മേരീം അമേരിക്കയിലെ വളരെ ചെറിയ ഒരു ഗ്രാമത്തിലെ ഒരു ചെറിയ ഇടവകയിലെ ഒരുകുടുംബമാണ്. വലിയ അല്ലലിത്ത ഒരു ചെറിയ കുടുംബം. പതിനൊന്നും എട്ടും വയസ്സുള്ള ഒരു മോനും ഒരു മോളുമുള്ളതാണ് ആ കുടുംബം. മേരിയും ഔസേപ്പും ഐറ്റി പണിക്കാരും ഒരേ സ്ഥലത്ത് ജോലി ചെയ്യുന്നവരുമാണ്. സാമാന്യം നല്ല തുക അവർ ഓരോരുത്തക്കും ശമ്പളമായി കിട്ടുന്നുമുണ്ട്. രണ്ടുപേരും മുടങ്ങാതെ പള്ളിയിലും പോകുന്നവരുമാണ്. ഏകദേശം അഞ്ചു വഷമായതേയുള്ള അവർ അമേരിക്കയിൽ വന്നിട്ട്.

വളരെ ചെറിയ ഒരു പള്ളിയാണത്. എന്നാൽ മൂന്നു വഷം കൂടുമ്പോൾ വികാരി മാറണമെന്ന് നിബന്ധമുള്ളവരാണ് ആ പള്ളിക്കാർ.

ഔസേപ്പും മേരിയും പുതിയ ഒരു വലിയ വീടു മാറി താമസിച്ച് കഴിഞ്ഞപ്പോൾ മുതൽ തുടങ്ങി അവരുടെ വീട്ടിൽ നിത്യം കലഹം. എല്ലാ ദിവസവും മാപ്പമ്പളയും പെമ്പളയും തമ്മിൽ കാണുമ്പോൾ മുതൽ വഴക്കാണ്. തൊടുന്നതിനും പിടിക്കുന്നതിനുമെല്ലാം ഭയങ്കര വഴക്ക്.

ആയിടക്ക് അവരുടെ ഒരു പഴയ സുഹൃത്തും കുടുംബവും രണ്ടു ദിവസത്തേക്ക് അവരുടെ വീട്ടിൽ വളരെ ദൂരത്തു നിന്നും വിരുന്നിന് വന്നു. ഔസേപ്പും ആ സുഹൃത്തും ഒന്നാം ക്ലാസു മുതൽ ഹൈസ്ക്കൂൾ വെരെ ഒന്നിച്ചു പഠിച്ചവരാണ്. മേരിയും ആ സുഹൃത്തും ഭാര്യയും ഒന്നിച്ച് കോളേജിൽ ഒന്നിച്ചു പഠിച്ചവരാണ്. വന്ന ഭാര്യാ ഭത്താക്കന്മാർ കോളേജിൽ വെച്ച് കണ്ട് പരിചയപ്പെട്ട്, പഞ്ചാരയടിച്ച് വിവാഹം ചെയ്തവരാണ്. രണ്ടു കൂട്ടരുടേയും വീട്ടുകാക്കും ഈ ബന്ധത്തോട് ഇഷ്ടമില്ലായിരുന്നു. കോളേജ് പഠനം പൂത്തിയായതോടെ അവർ രണ്ടുപേരും കൂടെ രജിസ്ട്രേട് വിവാഹവും കഴിച്ചിട്ട് ഉടനെ തന്നെ മദ്രാസിലേക്ക് വണ്ടി കയറിയതാണ്. അവരുടെ ആദ്യ രാത്രി തന്നെ ട്രയിനിലായിരുന്നു.

അവർ മദ്രാസിൽ ചെന്നപ്പോൾ ഈ ഔസേപ്പിന്റെ കൊച്ചുപ്പാപ്പന്റെ വീട്ടിലായിരുന്നു താമസം. അയാളും കൂടെ പരിശ്രമിച്ചാണ് അവക്കു രണ്ടു പേക്കും അവിടെ ജോലി കിട്ടി താമസിക്കാൻ തുടങ്ങിയത്. ജോലിയും കൂടാതെ വൈകുന്നേരം സമയങ്ങളിൽ അവർ ക്ലാസ്സിനു പോയി ഐറ്റി പാസായി. പിന്നീടവക്ക് ഐറ്റി സംബന്ധിച്ച ജോലിയും ശരിയായി. അധികം താമസിയാതെ തന്നെ അവക്ക് അമേരിക്കയിൽ വരാനിടയായി. ഈ പരിശ്രമങ്ങൾക്കിടയിൽ അവക്ക് കുഞ്ഞുങ്ങൾ ഉണ്ടാകാതിരിക്കാനായി അവൾ മരുന്നു കഴിച്ചതു മൂലം പിന്നീട് ഇതുവെരെ കുട്ടികളുണ്ടായില്ല. അതുകൊണ്ടാണ് കുട്ടികൾ ഉണ്ടാകാത്തതെന്നാണ് അവർ വിശ്വസിക്കുന്നതും. ഇപ്പോൾ വളരെ വഷങ്ങളായി പല മരുന്നുകൾ കഴിച്ചിട്ടും പല ഡോക്ടറന്മാരെ കണ്ടിട്ടും പല പള്ളികളിലും നേച്ചകൾ നേന്നിട്ടും ഇതുവെരെ കുട്ടികളുണ്ടായില്ല. ഇതിനിടയിൽ ഒരു ഡോക്ടർ ആ സ്ത്രീയുമായി പലപ്രാവശ്യം ലൈംഗിക വേഴ്ചകൾ നടത്തിയിട്ടു പോലും കുട്ടികളുണ്ടായില്ല. ഈ വിവരം അവരുടെ ഭത്താവു പോലും അറിഞ്ഞിട്ടില്ല. എങ്ങിനെയെങ്കിലും ഒരു കുഞ്ഞിനെ കിട്ടിയാൽ മതിയെന്ന ചിന്തയായിരുന്നു. എന്തായാലും ഇവരുടെ വളരെയധികം പരിശ്രമഫലമായാണ് നമ്മുടെ ഔസേപ്പും മേരിയും അമേരിക്കയിൽ എത്തിച്ചേന്നതു തന്നെ. തന്മൂലം അവരോട് ഔസേപ്പിനും മേരിക്കും വളരെ കടപ്പാടുമുണ്ടായിരുന്നു. ഇവർ താമസിച്ച ആ രണ്ടുദിവസങ്ങളിലും ആ വീട്ടിൽ യാതൊരു കലഹങ്ങളും ഉണ്ടായില്ല. ഔസേപ്പും മേരിയും നല്ല ഉത്തമ ഭാര്യാഭത്താക്കന്മാരായിരുന്നു.

അവർ പോയിക്കഴിഞ്ഞപ്പോൾ പിന്നേയും ചങ്കരൻ തെങ്ങേൽ അവർ രണ്ടു പേരും മുമ്പിലത്തേതിലും ഇരട്ടിയായി കലഹങ്ങളായി നിത്യവും. ആരാണ് കൂടോത്രം ചെയ്തതാണെന്ന് അവക്ക് രണ്ടു പേക്കും വലിയ സംശയവുമായി.

ആയിടയ്ക്കാണ് ആ പള്ളിയിലേക്ക് പുതിയ വികാരി വന്നത്. വക്കിയച്ചൻ ഒരു ദയറാ അച്ചനായിരുന്നു. അച്ചന്റെ താമസവും മറ്റും എങ്ങിനെയന്ന് പള്ളിക്കാർ വളരെ വിഷമിച്ചിരിക്കുമ്പോൾ നമ്മുടെ ഔസേപ്പ് അവരെ അറിയിച്ചു: അച്ചൻ വരുന്ന അന്നു മുതൽ അവരുടെ കൂടെ താമസിച്ചു കൊള്ളട്ടെ. ഏകദേശം മൂന്നു വഷക്കാലം ഒരു അച്ചനെ ഒരു വീട്ടിൽ തന്നെ താമസിപ്പിക്കുന്നത് ശരിയാണോയെന്ന് പലരും ചിന്തിച്ചു. എന്നാൽ ഒന്നുകിൽ താമസിക്കുന്ന അച്ചന് അതല്ലങ്കിൽ ആ വീട്ടുകാക്ക് പ്രയാസമുണ്ടാകുന്നതുവെരെ അങ്ങിനെ ആയിക്കോട്ടെന്ന് എല്ലാവരും സമ്മതിച്ചു.

ദയറാ അച്ചനാണ്. എപ്പോഴാണ് അദ്ദേഹം ഒരു മെത്രാനാകുന്നതെന്ന് അറിയത്തില്ല. തന്മൂലം വീട്ടിൽ അതിരാവിലേയും ഉച്ചയ്ക്കും വൈകിട്ടുമെല്ലാം പ്രാത്ഥനയായി. ഉച്ച സമയത്ത് സാധാരണ ദിവസങ്ങളിൽ ആ വീട്ടിലാരും കാണത്തില്ല. ഔസേപ്പും മേരിയും ജോലിസ്ഥലത്തായിരിക്കും. അവധി ദിവസങ്ങളിൽ അവരെല്ലാം കൂടി ഉച്ചയ്ക്കും പ്രാത്ഥിക്കാൻ തുടങ്ങി. ആ വീടൊരു ദേവാലയമായി.

അച്ചൻ എപ്പോഴും വീട്ടിലുള്ളതു കൊണ്ട് ഔസേപ്പിനും മേരിയ്ക്കും വീട്ടിൽ എപ്പോഴും ആളുണ്ടല്ലോ എന്ന സമാധാനവുമായി. അച്ചൻ താമസിക്കുന്ന മുറിയ്ക്ക് അറ്റാച്ച്ഡ് ബാത്ത്റൂമുണ്ടായിരുന്നതുകൊണ്ട് അച്ചനും വളരെ സൗകര്യമായിരുന്നു. മേരിയും മക്കളും എല്ലാം വീട്ടിൽ നിന്നു പോയാൽ അച്ചൻ ഏറ്റവും മുമ്പിലുള്ള ലീവിംഗ് റൂമിലിരുന്ന് വായിക്കുകയോ എഴുതുകയോ ചെയ്ത് സമയം ചിലവാക്കി. സമ്മർ ആയപ്പോൾ അച്ചൻ അവിടെ പുല്ലു വെട്ടാനും പുറകിലുള്ള കൃഷിസ്ഥലം കിളയ്ക്കാനും കൃഷിചെയ്യാനും എല്ലാം തുടങ്ങി. ആദ്യമാദ്യം ഔസേപ്പിനും മേരിയ്ക്കുമത് വളരെ പ്രയാസമുണ്ടാക്കിയെങ്കിലും പിന്നിടവർ അതുമായി പൊരുത്തപ്പെട്ടു.

ഉച്ചയാകുമ്പോൾ അച്ചൻ ഫ്രിഡ്ജിൽ നിന്ന് വേണ്ട ഭക്ഷണസാധനങ്ങൾ തനിയെ എടുത്ത് മൈക്രോഓവനിൽ വെച്ച് ചൂടാക്കി തിന്നും. ഈ കഴിക്കുന്ന ഭക്ഷണം കഴിക്കുന്നത് ദഹിക്കാൻ എന്തെങ്കിലും പണി വേണ്ടേയെന്നാണ് അച്ചന്റെ ഭാഷ്യം.

പള്ളിയിൽ ഉള്ള ആൾക്കാക്കെല്ലാം ഓസേപ്പിനോടും മേരിയോടും പ്രത്യേക സ്നേഹവും ബഹുമാനവും ആയി. അവരുടെ വീട്ടിലെ കലഹവും അതോടു കൂടി തീന്നു. "പട്ടിയുടെ വാൽ പന്തീരാണ്ടു കാലം കുഴലിലിട്ടാലും അതൂരികഴിയുമ്പോൾ പിന്നേയും ചങ്കരൻ തെങ്ങേലാകുമെന്നവക്ക് ഭയവുമുണ്ടായിരുന്നു.

മൂന്നു വഷം അവിടെ താമസിച്ചതിനു ശേഷം ഉടനെ തന്നെ അച്ചനെ മെത്രാനായി തിരഞ്ഞെടുത്തു. അപ്പോൾ ഒരു മെത്രാനാകേണ്ടയാൾ താമസിച്ച വീടെന്ന നിലയിൽ അവിടെ സ്വാസ്വത സമാധാനം വന്നു.